319
6/1/16



# കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം - ഹയർ സെക്കന്ററി വിദ്യാഭ്യാസം - പഠനവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് ഹയർ സെക്കന്ററി പരീക്ഷ എഴുതുന്നതിന് ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (യു) വകുപ്പ്**

സ.ഉ.(കൈ)നം.03/2016/പൊവി    തീയതി, തിരുവനന്തപുരം 01/01/2016.

---

പരാമർശം:- 1) 06/01/2014-ലെ സ.ഉ(കൈ) നം.08/14/പൊവി

2) 14/01/2015-ലെ സ.ഉ(കൈ) നം.11/15/പൊവി

3) 06/03/2015-ലെ സ.ഉ(കൈ) നം.65/15/പൊവി

4)ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 02.12.2015-ലെ ഇ എക്സ് - II/ 10972/എച്ച്എസ്ഇ/2015 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

50 ശതമാനമോ അതിലധികമോ വൈകല്യമുള്ള സവിശേഷ സഹായം ആവശ്യമായ വിദ്യാർത്ഥികൾക്ക് എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് അനുവദിച്ചിരുന്ന എല്ലാ ആനുകൂല്യങ്ങളും 2015-മാർച്ചിലെ പരീക്ഷ മുതൽ ഹയർ സെക്കന്ററിയിലും അനുവദിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (3) പ്രകാരം ടി വൈകല്യത്തിന്റെ തോത് 50%-ൽ നിന്നും 40% ആയി കുറയ്ക്കുകയും ചെയ്തു.

(2) എന്നാൽ പഠനവൈകല്യമുള്ള വിദ്യാർത്ഥികളുടെ കാര്യത്തിൽ വൈകല്യത്തിന്റെ ശതമാനം നിർണ്ണയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ടി സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള

ആനുകൂല്യം ഇവർക്ക് ലഭിക്കാതെ വരുന്നതായി ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) -ലെ കത്തു മുഖാന്തിരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പഠന വൈകല്യവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് എസ് എസ് എൽ സി പരീക്ഷയ്ക്ക് സ്ക്രൈബിന്റെയോ വ്യാഖ്യാതാവിന്റെയോ സേവനമോ അധിക സമയമോ ലഭിച്ചിട്ടുണ്ടെങ്കിൽ അതേ ആനുകൂല്യം ഹയർ സെക്കന്ററി പരീക്ഷയ്ക്കും അനുവദിച്ച് ഉത്തരവ് നൽകണമെന്നും ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

(3) ഡിസ് ലെക്സിയ, ഡിസ്ഗ്രാഫിയ, ഡിസ്കാൽക്കുലിയ തുടങ്ങിയ പഠനവൈകല്യമുള്ള വൊക്കേഷണൽ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് പരാമർശം (1)-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രത്യേകം ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡിസ് ലെക്സിയ, ഡിസ്ഗ്രാഫിയ, ഡിസ്കാൽക്കുലിയ തുടങ്ങിയ പഠനവൈകല്യമുള്ള ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്ക് മെഡിക്കൽ ബോർഡ് നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 2016-മാർച്ചിലെ ഹയർ സെക്കന്ററി പരീക്ഷ മുതൽ തുടർ വർഷങ്ങളിലേയ്ക്കും ബാധകമാകുന്നരീതിയിൽ താഴെ പറയുന്ന ആനുകൂല്യങ്ങൾ അനുവദിച്ച് ഉത്തരവാകുന്നു.

### (i) <u>ഡിസ് ലെക്സിയ (Dyslexia)</u>

*ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ഒരു പേപ്പറിന് മണിക്കൂറിന് 10 മിനിറ്റ് അധികമായി അനുവദിക്കുന്നതാണ്. കൂടാതെ ആവശ്യമെങ്കിൽ വ്യഖ്യാതാവിന്റെ സേവനവും അനുവദിക്കുന്നതാണ്.*

### (ii) <u>ഡിസ്ഗ്രാഫിയ (Dysgraphia)</u>

*ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ഒരു പേപ്പറിന് മണിക്കൂറിന് 10 മിനിറ്റ് അധികമായി അനുവദിക്കുന്നതാണ്. കൂടാതെ ഉത്തരം കേട്ടെഴുതുന്നതിന് ഒരു സ്ക്രൈബിനെയും അനുവദിക്കുന്നതാണ്.*

***(iii) ഡിസ്കാൽക്കലിയ (Dyscalculia)***

*ഈ വിഭാഗം വിദ്യാർത്ഥികൾക്ക് കണക്ക് വിഷയത്തിന് മാത്രമായി വ്യാഖ്യാതാവിന്റെ സേവനം അനുവദിക്കുന്നതാണ്. കൂടാതെ പേപ്പർ ഒന്നിന് മണിക്കൂറിന് 10 മിനിറ്റ് വീതം അധിക സമയവും അനുവദിക്കുന്നതാണ്.*

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ജയശ്രീ. പി,**
ഗവൺമെന്റ് അഡീഷണൽ സെക്രട്ടറി.

ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ഹയർ സെക്കന്ററി വിദ്യാഭ്യസ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
(ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും
(ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ്.
(സർക്കാർ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,
Molayalam
സെക്ഷൻ ഓഫീസർ.